# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3094 — 18.10.2016-ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലയിൽ പുതിയ റബ്ബർ പാർക്ക്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പത്തനംതിട്ട ജില്ലയിൽ പുതിയ റബ്ബർ പാർക്ക് ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (എ)<br>&<br>(ബി) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന ത്തിൽ പത്തനംതിട്ട, കോട്ടയം ജില്ലകളിൽ റബ്ബറധിഷ്ഠിത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് പിറവന്തൂർ എന്ന സ്ഥലത്ത് റബ്ബർ പാർക്ക് സ്ഥാപിക്കാനായി സ്ഥലമേറ്റെടു ക്കാൻ നടപടി റബ്ബർ ബോർഡ് ആരംഭിച്ചുവെങ്കിലും പരിസ്ഥിതി സംരക്ഷണ പ്രവർത്തകരും മറ്റും ഉയർത്തിയ എതിർപ്പ് കാരണം തുടർ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പരിസ്ഥിതി പ്രവർത്തകരടക്കമുള്ള ജനവിഭാഗങ്ങളുമായി കൂടിയാലോചിച്ച് മേൽപ്പറഞ്ഞ പ്രശ്നപരിഹാരത്തിന് റബ്ബർ ബോർഡും മറ്റ് ഏജൻസികളും ശ്രമിച്ചു വരികയാണ്. പ്രശ്നം പരിഹരിച്ച് സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| ബി) | റബ്ബർ പാർക്ക് ആരംഭിക്കുന്നതിന് ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണെന്നും, സ്ഥലം ഏറ്റെടുക്കലിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നും വ്യക്തമാക്കാമോ; | | |

| | |
|---|---|
| (സി) ജില്ലയിലെ ഏറ്റവും വലിയ റബ്ബർ ഉൽപ്പാദന കേന്ദ്രമായ റാന്നി ആസ്ഥാനമായി പാർക്ക് ആരംഭിക്കുവാൻ എന്തെങ്കിലും നീക്കം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; ഇതിനായി ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | സി) & ഡി) എ.വി.റ്റി. എസ്റ്റേറ്റിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനോ റാന്നിയിലും പെരുനാട് മേഖലയിലും റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ഡി) പെരുനാട് പഞ്ചായത്തിലെ എ.വി.റ്റി. എസ്റ്റേറ്റിന്റെ സ്ഥലം ഇതിന് അനുയോജ്യമാണെന്നിരിക്കെ സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന റബ്ബർ പാർക്ക് മണിയാർ എ.വി.റ്റി. എസ്റ്റേറ്റിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**